
# Lourde Voice

# ലൂർദ്ദ് വോയ്സ്

FEBRUARY 2021




## LOURDES FORANE CHURCH

GANDHIPURAM, COIMBATORE

WWW.LOURDESFORANE.COM





Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

BEETEX® INDUSTRIES

808. V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

## ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM


പുസ്തകം 3 | ഫെബ്രുവരി 2021 | ലക്കം 02


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും


ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com


കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Alfin Manavalan V C
Ph: 8606479772
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Mr. Joffy C. J.
Kaikkars
Mr. Thomas Prabhu
Mr. Shaju Edakalathur
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164



എഡിറ്റോറിയൽ

ഇടയനാദം

Stewards of the other

ഇടവക വാർത്തകൾ

പ്രതിനിധിയോഗ റിപ്പോർട്ട്

തമിഴ്

സംഘടനാവാർത്തകൾ

മതബോധനവാർത്തകൾ

ലോഗോസ് ക്വിസ്

ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാ വാർത്തകൾ

Catechism News

Kids Corner

Marian Knowledge




എഡിറ്റോറിയൽ

# സമർപ്പിതരുടെ ത്യാഗങ്ങൾ

“സ്വർഗ്ഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപരിക്കു തുല്യം. അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ പോയി, തനിക്കുള്ളതെല്ലാം വിറ്റ് അത് വാങ്ങുന്നു”. (മത്താ 13:45–45) ക്രിസ്തുവിന്റെ ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കിയവരാണ് സമർപ്പിതർ. ക്രിസ്തുവാകുന്ന രത്നമാണ് ഏറ്റവും വിലപ്പെട്ടതെന്ന് അവർക്കറിയാം. ദാരിദ്ര്യത്തിൽ സന്തോഷമുണ്ടെന്ന് പറഞ്ഞ് ദരിദ്രരാകാൻ തീരുമാനിക്കുന്നവർ ജഡമോഹങ്ങൾ ജീവിത നിയമങ്ങളായി പരിണമിക്കുന്ന ഈ കാലഘട്ടത്തിൽ ബ്രഹ്മചര്യം ജീവിക്കാൻ ഒരുക്കമാണെന്ന് ആവേശത്തോടെ സമൂഹത്തോട് വിളിച്ചു പറയുന്നവർ. സ്വന്തം ഇഷ്ട്ടങ്ങളെ അടിയറവെച്ച് ദൈവത്തിന്റെയും അധികാരികളുടെയും ഇഷ്ടം നിറവേറ്റുവാൻ തയ്യാറായവർ. ദൈവജനത്തെ അന്വേഷിച്ചിറങ്ങി അവരുടെ വേദനയിൽ പങ്കുപറ്റുന്നവർ അവരാണ് സമർപ്പിതർ. ഈ ധൈര്യം അവർ ആർജ്ജിക്കുന്നത് ക്രിസ്തുവിൽ നിന്നാണ്.

ഇസ്രായേൽ മക്കളുടെ നിലവിളികേട്ട് അവരുടെ ദുരിതങ്ങൾക്ക് ദൈവം കൊടുത്ത ഉത്തരമായിരുന്നു മോശയുടെ വിളി. വേദനിക്കുന്നവർക്ക്, ദരിദ്രർക്ക്, ബന്ധിതർക്ക് ആശ്വാസമായി അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായിട്ടാണ് തമ്പുരാൻ ഓരോ സമർപ്പിതരേയും ഉയർത്തിയിരിക്കുന്നത്. എന്നാൽ സഭയുടെ ചരിത്രത്തിൽ എന്നത്തേക്കാളും ഉപരി പൗരോഹിത്യ ജീവിതവും സന്യസ്ത ജീവിതവും വിമർശിക്കപ്പെടുന്ന നാളുകളിലാണ് നാം ജീവിക്കുന്നത്. നാൽക്കവലകളിലും, ചാനൽ ചർച്ചകളിലും, മഞ്ഞപത്രങ്ങളിലും സമർപ്പിതരുടെ അഭിമാനത്തെ ചവിട്ടിയരയ്ക്കുന്ന വാർത്തകൾ നാം കാണുന്നു, കേൾക്കുന്നു. വിശ്വാസികളെ സഭയിൽ നിന്നകറ്റാൻ പിശാച് ശ്രമിക്കുന്നത് രണ്ട് വിധത്തിലാണ്. ഒന്ന് സഭയിലെ സമർപ്പിതരെ വീഴ്ത്തുക. രണ്ട് അത് പ്രചരിപ്പിച്ച് വിശ്വാസികൾക്ക് സഭയോട് വെറുപ്പ് ഉളവാക്കുക. സമർപ്പിതരും വിശ്വാസികളും കൈ കൊട്ടി ചിരിക്കുന്നു. പൗരോഹിത്യം സഭയുടെ മതിൽകെട്ടും മുതൽകൂട്ടുമാണ്. അത് സഭയുടെ നന്മായണ്. സാധാരണ വിശ്വാസികളും പിശാചിന്റെ ഇരകളായി തീരുമ്പോൾ പിശാച് കൈകൊട്ടി ചിരിക്കുന്നു.

പൗരോഹിത്യം സഭയുടെ മതിൽകെട്ടും മുതൽകൂട്ടുമാണ്. അത് സഭയുടെ നന്മയാണ്. സാധാരണ വിശ്വാസി മുതൽ മാർപാപ്പ വരെ കൂദാശകൾ സ്വീകരിക്കുന്നത് ഒരു പുരോഹിതനിൽ നിന്നുമാണ്. പൗരോഹിത്യം തളർന്നാൽ സഭ തളരും. വൈദീകന്റെ കൈകൾ കൃപയുടെ നീർച്ചാലുകളാണ്. സഭ ഇന്നും നിലനിൽക്കുന്നത് ത്യാഗത്തിന്റെ ഈ ജീവിതങ്ങൾ വഴിയാണ്. സമർപ്പിതർ ഏറ്റെടുത്തിരിക്കുന്ന വെല്ലുവിളകൾ നിറഞ്ഞ ഈ ജീവിതം പൂർത്തിയാക്കുവാൻ നമ്മുടെ പ്രാർത്ഥന അവർക്ക് ആവശ്യമാണ്. ചില സമർപ്പിതർ വീണു പോയിട്ടുണ്ട്. അത് സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളികൾ കുറയുന്നതിനും കാരണമായിട്ടുണ്ട്. എന്നാൽ സമർപ്പിതർ എന്നത് ആകാശത്തുനിന്നു ഇറങ്ങിവന്ന വിശുദ്ധ വ്യക്തികളല്ല. പാപികളായ മാതാപിതാക്കൾക്ക് പിറന്ന്, പാപകരമായ സാഹചര്യങ്ങളിൽ വളർന്ന്, പാപങ്ങൾ നിറഞ്ഞ സാമൂഹ്യ അന്തരീക്ഷത്തിൽ ജീവിക്കുന്നവരാണ് പിന്നീട് സമർപ്പിതരായി തീരുന്നത്. ജീവിതകാലം മുഴുവൻ സഭയേയും സമർപ്പിതരേയും വിമർശിച്ചവനും മരിച്ചു കഴിയുമ്പോൾ അവന്റെ വിലാപയാത്രയുടെ പിന്നിൽ ഒരു പാവപ്പെട്ട പുരോഹിതൻ വിശുദ്ധ വസ്ത്രങ്ങൾ അണിഞ്ഞ് അവനെ പ്രാർത്ഥനയോടെ യാത്രയാക്കാൻ ഉണ്ടാകും. കൂടില്ലാത്ത ദേശാടനകിളികളെപോലെ ഒരു പള്ളിയിൽ നിന്നും മറ്റൊരു പള്ളിയിലേക്ക് പോകുന്ന വൈദീകരെ നാം കാണാറുണ്ട്. രോഗത്തിന്റെയും ക്ഷീണത്തിന്റെയും നാളുകളിൽ ഒരു മരുന്നെടുത്ത് കൊടുവാനോ ഒരു ഗ്ലാസ് വെള്ളം എടുത്ത് കൊടുക്കുവാനോ ആരുമില്ലാതെ വിളിച്ചവനിൽ വിശ്വാസമർപ്പിച്ച് കുരിശിനെ നോക്കി ജീവിക്കുന്ന സമർപ്പിതരെ നമ്മൾ എന്നെങ്കിലും ഓർത്തിട്ടുണ്ടോ? തെറ്റുപറ്റിയവർ കുറച്ചുണ്ടെങ്കിലും ബഹുഭൂരിപക്ഷവും വ്രതശുദ്ധി യോടെ, നിർമ്മല മനസ്സാക്ഷിയോടെ ഈ ഭൂമിയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നു. ഇതൊന്നും മനസിലാക്കാതെ നമ്മൾ അവരെ വേദനിപ്പിക്കുന്നു. സഭയ്ക്കും ദൈവജനത്തിനും വേണ്ടി സ്വന്തം കുടുംബത്തെ ഉപേക്ഷിച്ച് ഭൂമിയിൽ തനിക്കുവേണ്ടി ഒന്നും സ്വന്തമാക്കാതെ ജീവിക്കുന്ന ഇവരെ കുറ്റപ്പെടുത്താതിരിക്കാം.

സമർപ്പിത ജീവിതത്തെ തളർത്തരുത്. ആരൊക്കെ ശ്രമിച്ചാലും തർക്കാൻ കഴിയുന്ന ഒന്നല്ല അത്. കൃപ ലഭിച്ചവർക്ക് മാത്രം തിരിച്ചറിയാൻ കഴിയുന്ന ഒരു ദൈവീക രഹസ്യമാണത്. അതിനാൽ നമ്മുടെ പ്രാർത്ഥനകളിൽ സമർപ്പിതർ എന്നും ഉണ്ടാകട്ടെ.

ശ്രീമതി. ദീപാ ബിജു

ഇടയനാദം



# എല്ലാവരും സഹോദരർ
# Fratelli tutti

സാഹോദര്യം, സാമൂഹിക സാഹോദര്യം എന്നിവയെ ആധാരമാക്കി മാർപ്പാപ്പ എഴുതിയ ചാക്രികലേഖനമാണ് 'Frattelli Tutti'. 2020 ഒക്ടോബർ മൂന്നാം തിയ്യതി അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെ കബറിടം കുടികൊള്ളുന്ന ദേവാലയത്തിൽ വി. കുർബാനയർപ്പിച്ചശേഷം ഒപ്പുവച്ച 'ഫ്രത്തേല്ലി തൂത്തി' ഫ്രാൻസിസ് മാർപ്പാപ്പയുടെ മൂന്നാമത്തെ ചാക്രികലേഖനമാണ്.

**പശ്ചാത്തലം**

ആധുനിക സാമൂഹിക ഘടനയെ നയിക്കുന്ന മൂന്നു തത്വങ്ങളാണ്

1. സ്വാതന്ത്ര്യം 2, സമത്വം 3, സാഹോദര്യം.

ഫ്രഞ്ച് അമേരിക്കൻ വിപ്ലവങ്ങൾ നടന്നത് ജനാധിപത്യത്തിലെ ഈ മൂന്നു തത്വങ്ങൾ പാലിക്കാനാണ്. മൂന്ന് ആശയങ്ങൾക്ക് ഈ കാലഘട്ടത്തിൽ അർത്ഥം നഷ്ടപ്പെട്ടു.

**1. സ്വാതന്ത്ര്യം–** Freedom

ഈ കാലഘട്ടത്തിൽ സ്വാതന്ത്ര്യം എന്നത് ഓരോ വ്യക്തിക്കും അവൻ ആഗ്രഹിക്കുന്ന ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യാനുള്ള അവകാശമായിട്ടാണ് കരുതപ്പെടുന്നത്. ഇത് Radical individualism ആണ്. ഇത് ഒരു വൈറസ്. ഇന്ന് ലോകത്ത് മൂന്നു വൈറസുകൾ ഉണ്ട്. Corona Virus, Radical Individualism Virus, Racism Virus.

**2. സമത്വം–**Equqlity

എല്ലാവരും തുല്യരാണ് എന്നതാണ് ഈ തത്വം. പക്ഷേ ഇന്ന് ലോകത്തിൽ തുല്യതയില്ല. മനുഷ്യൻ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നു. (Marginalised). സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ, പാവപ്പെട്ടവർ എന്നിങ്ങനെ ഒത്തിരി മനുഷ്യരെ ഇന്ന് ലോകം അവഗണിക്കുന്നു.

**3. സാഹോദര്യം–** Fraternity

രാഷ്ട്രം, മതം, വർഗ്ഗം, വംശം എന്നിവയുടെ പേരിൽ മനുഷ്യൻ മതിലു

കൾ പണിയുന്നു. ഇതിന്റെ പരിണിതഫലമായി തീവ്രവാദം വർദ്ധിക്കുന്നു. കുറെപേർ കുടിയേറ്റത്തെ എതിർക്കുന്നു. ഈ ഭൂമി എല്ലാവരുടേതുമാണെന്ന യാഥാർത്ഥ്യം പലരും മറക്കുന്നു. വിദേശത്തുനിന്ന് വരുന്നവരുടേതുകൂടിയാണ് ഈ രാജ്യം.

ജനാധിപത്യം അന്യം നിന്നുപോകുന്ന ഈ കാലഘട്ടത്തെ പാപ്പ വിളിക്കുന്ന പേരാണ് മൂന്നാം ലോകമഹായുദ്ധം ($3^{rd}$ world war) ഇത് മനുഷ്യനെ ഇഞ്ചിഞ്ചായി കൊല്ലുന്നു. മനുഷ്യർ ഒരു കുടുംബമാണ് എന്നത് ഭ്രാന്തമായ ആശയമാണ് എന്നു പറയുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

**ചാക്രികലേഖനത്തിന്റെ പൊരുൾ**

നാം എല്ലാവരും ദൈവത്തിന്റെ മക്കളായതുകൊണ്ട് സഹോദരി സഹോദരന്മാരാണ്. ഈ തിരിച്ചറിവോടുകൂടെ ദൈവം പൊതുവായി തന്ന ഭവനമായ ഈ ഭൂമിയിൽ ജീവിക്കണം. ഇത് സങ്കല്പം മാത്രമല്ല. ഇത് ഒരു യാഥാർത്ഥ്യമാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് തുല്യമായ മഹത്വം (equal rites) തുല്യമായ അന്തസ്സ് (equal dignity) തുല്യമായ ഉത്തരവാദിത്വം (equal responsibility) എന്നിവയോടുകൂടിയാണ്. ഈ അവകാശങ്ങൾ തന്നിരിക്കുന്നത് മനുഷ്യർ സഹോദരന്മാരായി വർത്തിക്കാനാണ്.

എങ്ങിനെ മനുഷ്യർക്ക് സഹോദരന്മാരായി ജീവിക്കാം: മനുഷ്യർക്ക് സഹോദരന്മാരായി ജീവിക്കണമെങ്കിൽ മനുഷ്യനിലുള്ള നന്മയെ തിരിച്ചറിയണം. മനുഷ്യനിൽ ദൈവം നന്മയുടെ വിത്ത് പാകിയിട്ടുണ്ട്. ഈ നന്മയെ തിരിച്ചറിഞ്ഞ് അതിനെ വളർത്തുക. അപ്പോൾ എല്ലാ മനുഷ്യരിലും നന്മ കാണുവാൻ സാധിക്കും

മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത് മതിലുകൾ പണിയാനല്ല. പാലങ്ങൾ പണിയാനാണ്.

നല്ല സമരിയാക്കാരനിലെ നന്മയെ കണ്ടെത്തിയ മാർപ്പാപ്പയുടെ വീക്ഷണം....

(തുടരും)

**ഫാ. തോമസ് കാവുങ്കൽ**
വികാരി



# Stewards of the other

It happens 5 years ago. Miami - dade bond court had seen an exciting moment in its chronicles. Judge Mindy S. Glazer was prosecuting every victim caught for several crimes. There was a man called Arthur Booth among them, who is 49 year old and is a carrier criminal charged with burglary, Grand Theft, fleeing, resisting arrest and etc. The judge notices something familiar about this defended in his mannerisms and gestures. She recognises this Arthur Booth that he was her class mate. The surprise reunion between the 2 former middle school class mates is almost too much for both to handle. The judge testified that he was the nicest and the best kid in middle school. She used to play football with him and all kids. Once a promising student Arthur Booth fell into drug and gambling addictions that led him into a life of petty crime, resulting in prison. Her excitement was that how could this man be here in this pitiable position. In her special reference and recommendations Booth was sent to prison for 10 months and released into a drug treatment program along with his promise that he would lead a lawful life there after. This charity never stops here. She makes sure that everything goes on well and her friend has safely reached a comfort zone.

We may not get what we expect in our lives but the unexpected and unwanted incidences may come along with.Life is a mixture of different and unexpected incidence. Like Mindy S Glazer who is a judge, can we make some unexpected helps for our broken ones? Do we show sympathy and caring towards the needy. Sometimes a simple action and gesture can make others comfortable. Let us make sure that the needy is saved by our support and love. He/she may not be your beloved one but believe that you have a responsibility over the other. Now we are imparting a kind of Christian value.

**Fr. Alfin Manavalan VC**
Asst. Vicar

# ഇടവക വാർത്തകൾ

**ഇടവക തിരുനാളും  പൗരോഹിത്യ സന്യസ്ത വിവാഹ ജൂബിലികളും**

നമ്മുടെ ഇടവക മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെയും രക്തസാക്ഷിയായ വി സെബസ്ത്യാനോസിന്റെയും തിരുനാൾ ഫെബ്രുവരി 5,6,7 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ കോവിഡ് വ്യാപനത്തിന്റെ ഈ കാലഘട്ടത്തിൽ വളരെ ലളിതമായി ആചരിക്കുകയാണല്ലോ. തിരുനാൾ ദിവസം പൗരോഹിത്യ സമർപ്പിത വിവാഹജീവിതത്തിന്റെ സുവർണ്ണ രജതജൂബിലി ആഘോഷവും സംയുക്തമായി നടത്തപ്പെടുന്നു. ജനുവരി 31-ാം തിയ്യതി 8.15 നുള്ള വി. കുർബാനയ്ക്കു മുൻപ് തിരുനാൾ കൊടിയേറ്റം തുടർന്നുള്ള ദിവസങ്ങളിൽ വൈകുന്നേരം 6.00 മണിയ്ക്ക് നൊവേനയും വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. തിരുനാൾദിനം 7-ാം തിയ്യതി വൈകുന്നേരം 4 മണിക്ക് യൂണിറ്റടിസ്ഥാനത്തിൽ പ്രദക്ഷിണവും 4.30 ന് വി. കുർബാനയും തുടർന്ന്  പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. ജോസ് ചെനിയറ (മുൻവികാരി), സമർപ്പിത ജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന റവ. സി തെരേസ് ജോൺ FCC (മതബോധന പ്രധാന അധ്യാപിക), സമർപ്പിത ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന റവ. സി ഉഷറ്റ FCC,  ഇടവകയിൽ വിവാഹ ജീവിതത്തിന്റെ രജതസുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർ എന്നിവരെ ആദരിക്കുന്നു. തുടർന്ന് ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിലെ  SMYM ഒരുക്കുന്ന നയനമനോഹരമായ ദൃശ്യ വിരുന്ന് ഉണ്ടായിരിക്കുന്നതാണ്.

**ഈ ചെറിയവരിൽ ഒരുവന് ചെയ്തുകൊടുത്തപ്പോൾ**

തിരുനാൾ ആഘോഷങ്ങൾ ലളിതമാക്കി കോയമ്പത്തൂർ പട്ടണത്തിലുള്ള ഡയാലിസിസിന് വിധേയമാകുന്ന 100 പേർക്ക് സാമ്പത്തിക സഹായം നല്കാൻ പ്രതിനിധിയോഗം തീരുമാനിച്ചു. ഒരു രോഗിക്ക് 800 രൂപയാണ് സഹായധനമായി നല്കുന്നത്. ഈ കാരുണ്യനിധിയിലേക്ക് സ്പോൺസർ ചെയ്യാൻ എല്ലാവരും പരിശ്രമിക്കുമല്ലോ. സഹായം ആവശ്യമുള്ളവരുടെ വിവരങ്ങൾ യൂണിറ്റ് ഭാരവാഹികളെയോ, കൈക്കാരന്മാരേയോ, തിരുനാൾ കൺവീനർമാരേയോ അറിയിക്കാവുന്നതാണ്.

## ഗാന്ധിപുരം ലൂർദ്ദ് ഫൊറോനദൈവാലയത്തിൽ
## പരിശുദ്ധ കന്യകാമറിയത്തിന്റെയും,
## വി. സെബസ്ത്യാനോസിന്റെയും തിരുനാൾ

| | | |
|---|---|---|
| 31.1.2021 | | |
| | 6:15 am, 10.30 am, 5.30 pm | വി.കുർബാന |
| ഞായർ | 8.15 am | **തിരുനാൾ കൊടിയേറ്റം,**<br>വി. കുർബാന<br>**റവ. ഫാ. മാത്യു വാഴയിൽ**<br>(ഡയറക്ടർ, യുവക്ഷേത്ര കോളേജ്, മുണ്ടൂർ)<br>നേർച്ച : സെന്റ് മേരീസ് യൂണിറ്റ്,<br>സെന്റ് പീറ്റർ യൂണിറ്റുകൾ |
| 1-02-2021 | | |
| | 6-15 am | വി. കുർബാന |
| തിങ്കൾ | 6.00 pm | നൊവേന, വി. കുർബാന<br>**റവ. ഫാ. ജോൺ വലിയകുളത്തിൽ CMI**<br>നേർച്ച : സെന്റ് തോമസ് യൂണിറ്റ്, മാതൃവേദി |
| 2-02-2021 | 6.15 am | വി. കുർബാന |
| ചൊവ്വ | 6.00pm | നൊവേന, വി. കുർബാന<br>**റവ. ഫാ. ലിജോ ചുള്ളിയിൽ V.C**<br>നേർച്ച: സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്,<br>സെന്റ് പോൾ യൂണിറ്റ് |
| 3-02-2021 | 6.15 am | വി. കുർബാന |
| ബുധൻ | 6.00 pm | നൊവേന, വി. കുർബാന<br>**റവ.ഫാ. ടോമിച്ചൻ കൊല്ലറാട്ട് MCBS**<br>നേർച്ച : സെന്റ് ജോർജ്ജ്,<br>സെന്റ് ആന്റണി യൂണിറ്റ് |
| 4-2.2021 | 6.15 am | വി. കുർബാന |
| വ്യാഴം | 6.00 pm | നൊവേന, വി. കുർബാന<br>**റവ. ഫാ. ആന്റണി വാഴപ്പിള്ളി CMI**<br>നേർച്ച: സെന്റ് ഫ്രാൻസിസ് സേവ്യർ,<br>സെന്റ് ജോൺ മരിയ വിയാനി യൂണിറ്റുകൾ |
| 5-02-2021 | 6.15 am | വി. കുർബാന |
| വെള്ളി | 6.00pm | നൊവേന. വി. കുർബാന |

**റവ. ഫാ. ജോയ് ചിറ്റിലപ്പിള്ളി**
റെക്ടർ, സെന്റ് മേരീസ് മൈനർ
സെമിനാരി
നേർച്ച : വിൻസെന്റ് ഡിപോൾ യൂണിറ്റ്,
സെന്റ് അൽഫോൻസ യൂണിറ്റുകൾ

| | | |
|---|---|---|
| 6.02.2021 | 6.15 am | വി. കുർബാന, നൊവേന, |
| | | അമ്പ് എഴുന്നെള്ളിപ്പ് |
| | | **റവ. ഫാ. ജോർജ്ജ് മഠത്തിക്കണ്ടത്തിൽ MSJ** |
| | | നേർച്ച: സെന്റ് ജോസഫ് യൂണിറ്റ്, പിതൃവേദി |
| | 6.00pm | വി. കുർബാന (തമിഴ്) |
| 7.2.2021 | | **തിരുനാൾ ദിനം** |
| ഞായർ | 6.15 am | വി. കുർബാന, **ഫാ. ആൽഫിൻ മണവാളൻ VC** |
| | 8.15 am | വി. കുർബാന, **ഫാ. സാജു ചക്കാലക്കൽ CMI** |
| | | പ്രൊവിഷ്യാൽ, പ്രേഷിത പ്രോവിൻസ് |
| | | കോയമ്പത്തൂർ |
| | 10.30 am | വി. കുർബാന (ഇംഗ്ലീഷ്) |
| | 4.00 pm | പ്രദക്ഷിണം യൂണിറ്റടിസ്ഥാനത്തിൽ |
| | 4.30 pm | വി. കുർബാന |
| | | **റവ. ഫാ. ജോസ് ചെനിയറ** |
| | | **റവ. ഫാ. ജോസഫ് ആലപ്പാടൻ** |
| | | **റവ. ഫാ. ജിയോ കുന്നത്തുപറമ്പിൽ** |
| പരി. കുർബാനയുടെ | | |
| ആശീർവാദം | | **റവ. ഫാ. ആന്റോ കണ്ണമ്പുഴ VC** |
| | | ഡയറക്ടർ കോവൈ ഡിവൈൻ |
| | | ധ്യാന ഇല്ലം ചിന്താമണി പുതൂർ |
| | | തുടർന്ന് ഗാന്ധിപുരം ലൂർദ്ദ് ഫൊറോന |
| | | ദൈവാലയത്തിലെ SMYM ഒരുക്കുന്ന നയനമ |
| | | നോഹരമായ ദൃശ്യവിരുന്ന്. |
| | | ഡയാലിസ്സിസ് ഫണ്ട് വിതരണം. |
| 8.2-2021 | 6.15 am | വി. കുർബാന, സിമിത്തേരിയിൽ ഒപ്പീസ് |

**തിരുനാൾ ദിവസം എല്ലാ വി. കുർബാനയ്ക്കുശേഷവും അമ്പ് എടുത്തു വയ്ക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**

തിരുനാൾ ദിവസങ്ങളിൽ നൊവേനയും വി. കുർബാനയും ഏറ്റെടുത്തു നടത്താവുന്നതാണ്.

**നോമ്പുകാലം**

**വിഭൂതി തിങ്കൾ:** രാവിലെ 6.00 മണിയ്ക്ക് വിഭൂതി തിരുക്കർമ്മങ്ങൾ, വി. കുർബാന (ഫെബ്രുവരി 15 തിങ്കൾ) വൈകുന്നേരം 6.00 മണിക്ക് വി. കുർബാന

അന്നേ ദിവസം ഉപവാസ ദിനമാണെന്ന് ഓർമ്മപ്പെടുത്തുന്നു.

നോമ്പുകാലത്ത് എല്ലാ ദിവസവും രാവിലെ 5.40 ന് കുരിശിന്റെ വഴി, വി. കുർബാന, ആരാധന, വൈകുന്നേരങ്ങളിൽ 5.40 ന് കുരിശിന്റെ വഴി, വി. കുർബാനഎന്നീ ക്രമത്തിലായിരിക്കും.

വ്യാഴാഴ്ചകളിൽ : രാവിലെ 5.40 ആരാധന, വി. കുർബാന

ശനിയാഴ്ചകളിൽ: രാവിലെ 5.40 ന് കുരിശിന്റെ വഴി, വി. കുർബാന, ഗ്രോട്ടോയിൽ നൊവേന

വൈകുന്നേരം 5.40 ന് കുരിശിന്റെ വഴി. വി. കുർബാന കപ്പേളയിൽ നൊവേന

ഞായറാഴ്ചകളിൽ: രാവിലെ 5.45 ന് കുരിശിന്റെ വഴി, വി. കുർബാന
7.45 ന് കുരിശിന്റെ വഴി വി. കുർബാന
10.00 ന് കുരിശിന്റെ വഴി വി. കുർബാന
5.10 ന് കരുണകൊന്ത വി. കുർബാന.

**അമ്പത് നോമ്പ് ആരംഭം ഫെബ്രുവരി 14 അർദ്ധ രാത്രി മുതൽ**

ഫെബ്രുവരി 14-ാം തിയ്യതി അർദ്ധരാത്രിമുതൽ 50 നോമ്പ് ആരംഭിക്കുകയാണല്ലോ. ഈ കോവിഡ് കാലഘട്ടത്തിൽ നോമ്പെടുത്ത് ലോകത്തിനുവേണ്ടി പ്രാർത്ഥിക്കാം. കുരിശിന്റെ വഴി, അനുദിനമുള്ള വി. കുർബാന, വെള്ളിയാഴ്ചകളിൽ ഉപവാസം, ദാനധർമ്മം, തീർത്ഥാടനം, രോഗിസന്ദർശനം, മുടങ്ങാതെയുള്ള കുടുംബപ്രാർത്ഥന, ഇടവകയിൽ നടത്തപ്പെടുന്ന ധ്യാനം, കരുണകൊന്ത, ദിവ്യകാരുണ്യസന്നിധിയിൽ ഒരു മണിക്കൂർ ചിലവഴിക്കുന്നത്, പാപപരിഹാരപ്രവൃത്തികൾ, കുമ്പസാരം, പരിത്യാഗചെപ്പ്, മറ്റുള്ളവരോട് ക്ഷമിക്കുന്നത് ഇവയൊക്കെ നോമ്പുകാലത്തിൽ ദൈവകൃപ ലഭിക്കാനുള്ള അവസരങ്ങളാണ്.

**നോമ്പുകാല ധ്യാനം**

ഇടവകയിൽ നോമ്പുകാല ധ്യാനം മാർച്ച് 5,6,7 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനദിവസങ്ങൾ ഏറ്റവും ഫലപ്രദ മായി ഉപയോഗപ്പെടുത്താൻ എല്ലാവരും പരിശ്രമിക്കുമല്ലോ. സെഹി യോൻ ടീം നയിക്കുന്ന ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത് ഫാ. സജു ഇലഞ്ഞിക്കൽ MST.

വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 5.30 മുതൽ 8.45 വരെയും ഞായ റാഴ്ച രാവിലെ 8 മണി മുതൽ 12.30 വരെയും ആയിരിക്കും. ഉച്ചഭക്ഷണം സ്പോൺസർമാരെ ആവശ്യമുണ്ട്.

**രോഗിദിനം**

ഫെബ്രുവരി 11-ാം തിയ്യതി ലൂർദ്ദ് മാതാവിന്റെ തിരുനാളും രോഗിദിനവു മാണല്ലോ. അന്നേ ദിവസം രാവിലെ വി. കുർബാനയ്ക്കു മുൻപ് രോഗി കൾക്ക് വേണ്ടി പ്രത്യേക ആരാധന ഉണ്ടായിരിക്കും. വൈകിട്ട് വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതാണ്. രോഗികളായിട്ടു ള്ളവർക്കുവേണ്ടി ദിവ്യകാരുണ്യസന്നിധിയിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കാം- രോഗസൗഖ്യം നേടാം.

**നവദമ്പതി സംഗമം**

2020 ജനുവരി മുതൽ 2020 ഡിസംബർവരെ വിവാഹിതരായ ദമ്പതി കൾക്കായി രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് ദമ്പതി സംഗമം ഫെബ്രു വരി 14-ാം തിയ്യതി രാവിലെ 8.30 മുതൽ 1.00 മണിവരെ നടത്തപ്പെടുന്നു. നവദമ്പതികൾ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**നോമ്പുകാല പരിത്യാഗചെപ്പ്**

നോമ്പുകാല പരിത്യാഗചെപ്പ് യൂണിറ്റ് ഭാരവാഹികൾ വിഭൂതി തിങ്കൾ ദിവസം തന്നെ ദൈവാലയത്തിൽ നിന്നു വാങ്ങി കൊണ്ടുപോവുകയും മാർച്ച് 28-ാം തിയ്യതി ഓശാന ഞായറാഴ്ച തിരികെ പള്ളിയിൽ ഏൽപ്പി ക്കണമെന്നും ഓർമ്മപ്പെടുത്തുന്നു. ഈ നോമ്പുകാല പരിത്യാഗം എല്ലാ ദിവസവും ചെപ്പിൽ നിക്ഷേപിച്ച് കരുണയുള്ള കർത്താവിനോട് പ്രാർത്ഥിച്ച് പാപപരിഹാരം നേടാം.

**അഭിവന്ദ്യ പിതാവിന്റെ ഇടവക സന്ദർശനം**

അഭിവന്ദ്യപിതാവിന്റെ ഇടവക സന്ദർശനം 2021 ഫെബ്രുവരി 26,27,28 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ ഉണ്ടായിരിക്കുന്നതാണ്.

കഴിഞ്ഞ ഇടവക സന്ദർശനസമയത്ത് പിതാവ് സന്ദർശിക്കാത്ത ഭവനങ്ങൾ സന്ദർശിക്കുന്നതാണ്. അതോടൊപ്പം തന്നെ സംഘടനകൾ മതബോധനവിഭാഗം, കുടുംബസമ്മേളനങ്ങൾ എന്നിവയും പിതാവ് സന്ദർശിക്കുന്നതാണ്. എല്ലാവരും പ്രാർത്ഥിച്ച് ഈ ദിവസങ്ങൾക്കായി ഒരുങ്ങണമെന്ന് ഓർമ്മപ്പെടുത്തുന്നു.

Pre-cana Course

വിവാഹത്തിന് ഒരുക്കമായിട്ടുള്ള Pre cana course 2021 ഫെബ്രുവരി 11 ന് വൈകിട്ട് 6 മണി മുതൽ 14-ാം തിയ്യതി വൈകുന്നേരം വരെ നടത്തപ്പെടുന്നു. ബന്ധപ്പെട്ട യുവതീയുവാക്കൾ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**വി. യൗസേപ്പിതാവിന്റെ തിരുനാൾ**

മാർച്ച് 19-ാം തിയ്യതി വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ ആണല്ലോ. ഈ കാലഘട്ടത്തിന്റെ രോഗത്തിൽ നിന്നും സാമ്പത്തിക തകർച്ചയിൽ നിന്നും നമ്മെ രക്ഷിക്കാൻ വി. യൗസേപ്പിതാവേ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ. ഏവർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നു.

**മംഗളവാർത്ത തിരുനാൾ**

മാർച്ച് 25-ാം തിയ്യതി മംഗളവാർത്ത തിരുനാൾ നാം ആചരിക്കുകയാണ്. മക്കൾ ഇല്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. ഏവർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നു.

**ദനഹാ തിരുനാൾ ആചരണം- ക്രിസ്തുമസ്സ് പുതുവത്സരം**

ഇടവകയിൽ ജനുവരി 6-ാം തിയ്യതി ദഹനാ തിരുനാൾ ആചരിച്ചു. 5-ാം തിയ്യതി വൈകിട്ട് പിണ്ടികുത്തി തിരി തെളിയിക്കുകയും 6-ാം തിയ്യതി രാവിലെയും വൈകിട്ടും ഒരുക്കിയ വർണ്ണക്കാഴ്ചകൾ ഒരുക്കി തിരുനാൾ മനോഹരമാക്കി. ഈ വർഷത്തെ ക്രിസ്തുമസ്സ് ന്യൂ ഇയർ ആചരണം ഭക്തിനിർഭരമാക്കാൻ പരിശ്രമിച്ച ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, ഗായകസംഘം, അൾത്താരസംഘം, കപ്യാർമാർ, പോലീസ് അധികാരികൾ, വിവിധ സംഘടനകൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

**ബൈബിൾ പാരായണം- സമ്മാനാർഹർ**

100 ദിവസത്തെ ബൈബിൾ വായന പൂർത്തിയാക്കി സമ്മാനാർഹരായവർ Mrs. Mary Jose, Mrs Lissy Joseph, Mrs. Beena Mathew, Mrs. Priya Sebastian, Mrs, Josepheena, Lawrence, Mrs. Rosy Davis, Mr. Susan Babu,

Jinshamol എന്നിവർക്ക് അഭിനന്ദനങ്ങൾ. 2021 ജനുവരി 1-ാം തിയ്യതി മുതൽ 2021 ഏപ്രിൽ 10-ാം തിയ്യതി അവസാനിക്കുന്ന 100 ദിവസത്തെ ബൈബിൾ വായനയിൽ എല്ലാവരും പങ്കെടുത്ത് അഭിഷേകത്താൽ നിറയുക.

**വിവാഹ ജീവിതത്തിലേക്ക്**

1. സെന്റ് ജോർജ്ജ് യൂണിറ്റ് എലുവത്തിങ്കൽ ജെയിംസ്+കൊച്ചു ത്രേസ്യ മകൻ സിന്റോയും പൂമാർക്കറ്റ് സെന്റ് ജോസഫ് ഇടവക പണക്കാട്ടിൽ വിൽസൺ+ രാജി മകൾ മേഘയും 17/1/2021 ന് വിവാഹിതരായി.

2. സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ് കപ്പിത്താൻപറമ്പിൽ പോൾസൺ+ ലിസ്സി മകൾ റിനി പോൾസണും കോയമ്പത്തൂർ രൂപത കോവൈപുതൂർ ഇൻഫന്റ് ജീസസ് ഇടവക കൈപുളിക്കുഴി ജോസഫ്+ വൽസ മകൻ ലിന്റോയും 17/1/2021 ന് വിവാഹിതരായി.

3. സെന്റ് മേരീസ് യൂണിറ്റ് എടക്കളത്തൂർ ആന്റണി ലെസ്ലി + സോഫി മകൾ നീതു മരിയ തൃശ്ശൂർ അതിരൂപത ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന ഇടവക താടിക്കാരൻ ഫ്രാൻസിസ് + എൽസി മകൻ വിൻസെന്റും 17/1/2021 ന് വിവാഹിതരായി.

4. സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ് ചിറ്റിലപ്പിള്ളി സണ്ണി+ മാഗ്ഗി മകൻ ജിതിനും തൃശ്ശൂർ അതിരൂപത സെന്റ് ലാസേഴ്സ് ഇടവക നെയ്യൻ സൈമൺ+ മോളി മകൾ ലിംനയും 10.1.2021 ന് വിവാഹിതരായി.

5. സെന്റ് ആന്റണി യൂണിറ്റ് ചിറ്റാട്ടുകര ജോസ്+ എൽസി മകൻ ലിയോ ജോസും എറണാകുളം അങ്കമാലി അതിരൂപത ബെത്ലേഹം സെന്റ് ജോസഫ് ഇടവക ചിറ്റിലപ്പിള്ളി പോൾ+ റാണി മകൾ ആൻസിയും 6/1/2021 ന് വിവാഹിതരായി.

6. സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ് ഒലക്കേങ്കിൽ ജോസഫ്+ റോസി മകൻ ജോഷിയും ഉക്കടം സെന്റ് സെബാസ്റ്റ്യൻ ഇടവക കൊടിയൻ തോമസ്+ മേരി മകൾ നിഷിദയും 6/1/2021 ന് വിവാഹിതരായി.

7. നമ്പിയാടൻ ജേക്കബ്+ ലിസി മകൻ ജിക്സണും തൃശൂർ അതിരൂപത കരിവന്നൂർ സെന്റ് മേരീസ് ഇടവക തട്ടിൽ തടക്കലാൽ ആന്റണി + ഷേർളി മകൾ ഏയ്ഞ്ചൽ മരിയയും 3/1/2021 ന് വിവാഹിതരായി.

8. സെന്റ് ജോസഫ് യൂണിറ്റ് മേലിറ്റ് സൈമൺ+ മേഴ്സി മകൾ ഷാരോൺ സൈമൺ രാമനാഥപുരം ഹോളിട്രിനിറ്റി ഇടവക തറയിൽ

ജോൺസൺ + ലിസി മകൻ ലിജോ 26/1/2021 വിവാഹിതരായി

9. ശക്തി+ ശാന്ത മകൾ സംഗീതയും പാലക്കാട് രൂപത ഒലിപ്പാറ കുന്നത്തു പറമ്പിൽ ജോസ്+ മേരി മകൻ മനോജും 18/1/2021– ന് വിവാഹിതരായി.

**പ്രവേശക കൂദാശകൾ**

1. സെന്റ് പോൾ യൂണിറ്റ് പാറപ്പാടൻ പ്രിൻസ് സേവ്യർ+ ഷൈനി മകൻ ജെസ്വിൻ (Jesuwin) സെബാസ്റ്റ്യൻ 11/1/2021 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 6/2/2020

2. ശക്തി+ശാന്ത മകൾ സംഗീത (സാദ) 14/12/2020 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 30/12/1991

3. ജോൺ മരിയ വിയാനിയൂണിററ് കൂനംപ്ലാക്കൽ ആന്റണി റാഫേൽ+ റോസ് മോൾ മകൾ ആൻ (ANN) മറിയം (ജനനം 23/01/2021) അഭിവന്ദ്യ പിതാവിൽ നിന്ന് പ്രവേശകകൂദാശകൾ സ്വീകരിച്ചു. ഇത് നാലാമത്തെ കുഞ്ഞ് ആണ്. ഇടവകയുടെ പ്രത്യേക അനുമോദനങ്ങൾ.

4. സെന്റ് ജോർജ്ജ് യൂണിറ്റ് നെൽമാണിക്കര ഷാജു+ സോണിയ മകൾ സാറ എൽസഗ്രേസ്സി 26/1/2021 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. (ജനനം 5/11/2020).

**നിത്യതയിലേക്ക്**

സെന്റ് പോൾ യൂണിറ്റ് ഓലിപറമ്പിൽ റാഫേൽ **ഗോമസ്** (88 വയസ്സ്) 22/12/2020 ന് കർത്താവിൽ നിദ്രപ്രാപിച്ചു. സഹോദരന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം.

**സെന്റ് ജോൺമരിയാ വിയാനി യൂണിറ്റിന് അഭിനന്ദനങ്ങൾ**

ഈ വർഷത്തെ ക്രിസ്തുമസ്സ് പുൽക്കൂട് മനോഹരമാക്കിയ സെന്റ് ജോൺ മരിയ വിയാനി കുടുംബകൂട്ടായ്മയിലെ ഭാരവാഹികൾക്കും യുവജനങ്ങൾക്കും സാമ്പത്തികമായി പ്രോത്സാഹിപ്പിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

Patris Corde **പിതാവിന്റെ ഹൃദയം** (Year of St. Joseph)

രക്ഷാകര ചരിത്രത്തിലെ നിശബ്ദ സാന്നിധ്യമായ വി. യൗസേപ്പിതാവിനെക്കുറിച്ച് ഫ്രാൻസിസ് മാർപ്പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ലിഖിതമാണ് പാത്രീസ് കോർദേ. 1870 ൽ 9–ാം പീയൂസ് മാർപ്പാപ്പയാണ് വി. യൗസേപ്പിതാവിനെ സാർവത്രിക സഭയുടെ മാദ്ധ്യസ്ഥനും സംരക്ഷകനുമായി പ്രഖ്യാപിച്ചത്. രോഗികളുടെയും നന്മരണത്തിന്റെയും മദ്ധ്യ

സ്ഥനായി വി. യൗസേപ്പിതാവിനെ ഇന്നും വണങ്ങുന്നുണ്ട്. 150 വർഷങ്ങൾക്ക് മുൻപ് 9-ാം പീയൂസ് മാർപ്പാപ്പ യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ സംരക്ഷണം ഏൽപ്പിക്കുമ്പോൾ ക്യാപിറ്റലിസത്തിലൂടെയും വ്യവസായവൽക്കരണത്തിലൂടെയും രൂപം കൊണ്ട തകർച്ച സമൂഹത്തെയും കുടുംബത്തെയും വിശ്വാസ ജീവിതത്തെയും സ്വാധീനിച്ചിട്ടുണ്ട്. 150 വർഷങ്ങൾക്കുശേഷം ഫ്രാൻസിസ് മാർപാപ്പ ഔസേപ്പിതാവിന്റെ വർഷം പ്രഖ്യാപിക്കുമ്പോൾ ഈ കാലഘട്ടവും കലുഷിത സാഹചര്യങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഈ വിഷമഘട്ടത്തിൽ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥവും സഹായവും സംരക്ഷണവും നമുക്ക് ശക്തിയും പ്രത്യാശയും പ്രത്യേകം നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ജൂബിലി നിറവിൽ**

സന്യാസ ജീവിതത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന വിശ്വാസ പരിശീലനവിഭാഗം പ്രധാനാധ്യാപിക സിസ്റ്റർ തെരേസ് ജോൺ FCC യ്ക്ക് ഇടവകയുടെ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു. മതബോധനവിഭാഗം ജനുവരി 26-ാം തിയ്യതിയും ഇടവക ഫെബ്രുവരി 7-ാം തിയ്യതിയും ജൂബിലി നടത്താൻ തീരുമാനിച്ചു. സിസ്റ്റർ ഇടവകയ്ക്കു ചെയ്ത എല്ലാ സേവനങ്ങൾക്കും ദൈവം പ്രതിഫലം നല്കട്ടെ എന്ന് ആശംസിക്കുന്നു.

# പ്രതിനിധിയോഗ റിപ്പോർട്ട്

വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. അച്ചൻ അംഗങ്ങളെ എല്ലാവരെയും സ്വാഗതം ചെയ്തു. കഴിഞ്ഞ മൂന്ന് മാസങ്ങളിലെ കണക്കുകൾ വായിക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് വികാരിയച്ചൻ മറുപടി പറയുകയും കണക്കുകൾ പാസാക്കുകയും ചെയ്തു. അതിനുശേഷം Prabin C.F construction account വായിക്കുകയുണ്ടായി.

ക്രിസ്മസ് കുർബാന നേരത്തെ നടത്തണമെന്നും രാത്രി 10 മണിക്ക് ഉള്ളിൽ എല്ലാ പരിപാടികളും അവസാനിപ്പിക്കേണ്ടതിനാൽ ഡിസംബർ 24 രാത്രി 7.30 മണിക്ക് കുർബാന സമയം നിശ്ചയിച്ചു. പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നോമ്പ് തുറക്കാൻ സൗകര്യം ചെയ്യണമെന്ന് അറിയിക്കുകയുണ്ടായി. ഡിസംബർ 25 കാലത്ത് 6.15 നും 8.15 നും കുർബാന ഉണ്ടായിരിക്കുമെന്നും വൈകുന്നേരം കുർബാന ഉണ്ടായിരിക്കില്ലെന്നും അറിയിച്ചു.

കോവിഡിന്റെ പശ്ചാത്തലത്തിൽ തിരുനാൾ ലളിതമായ രീതിയിൽ നടത്താമെന്നും അമ്പ് വീടുകളിലേയ്ക്ക് വരികയില്ലെന്നും പ്രദക്ഷിണം ദൈവാലയത്തിനു പുറത്തേക്ക് ഉണ്ടായിരിക്കില്ലെന്നും വികാരിയച്ചൻ അറിയിക്കുകയുണ്ടായി. വി. കുർബാനക്ക് ശേഷം അമ്പ് എടുത്തുവയ്ക്കുവാൻ സൗകര്യം ഉണ്ടായിരിക്കും. ജനുവരി 31-ാം തിയതി കൊടിയേറ്റവും ഫെബ്രുവരി 7 ന് തിരുനാളും നടത്തപ്പെടുമെന്ന് അറിയിച്ചു. ഞായറാഴ്ച കാലത്ത് 6.15 am, 8.15 am, 10.30 am കുർബാന ഉണ്ടായിരിക്കുമെന്നും തിരുനാളിന്റെ ആഘോഷമായ കുർബാനയും പ്രദക്ഷിണവും വൈകുന്നേരം 4 മണിക്ക് ആയിരിക്കുമെന്നും തീരുമാനിച്ചു.

തിരുനാളിന് ചെറിയതോതിൽ light ഇടുവാൻ തീരുമാനിച്ചു. തിരുനാളിന്റെ ആഘോഷങ്ങൾ ഒന്നും ഇല്ലാത്തതിനാൽ പകരമായി എന്തെങ്കിലും charity പ്രവർത്തനം ചെയ്യാൻ തീരുമാനമുണ്ടായി. അതനുസരിച്ച് 100 പേർക്ക് Dialysis ന് പണം കൊടുക്കാനോ അല്ലെങ്കിൽ ഒരു വീട് വെച്ച് കൊടുക്കാനോ suggetion ഉണ്ടാകുകയും ചെയ്തു. അതിൽ അംഗങ്ങൾ എല്ലാവരും ചേർന്ന് 100 പേർക്ക് Dialysis നുള്ള ചെലവ് വഹിക്കുവാനുള്ള തീരുമാനം എടുത്ത് ഒരാൾക്ക് 800 രൂപവീതം Dialysis ന് കൊടുക്കുവാൻ തീരുമാനിച്ചു.

തിരുനാൾ Convenor ആയി ശ്രീ. ബെന്നി ജോർജ്ജിനെയും Joint Convenor ആയി ശ്രീ. ഡേവിഡ് ജോർജിനെയും തെരഞ്ഞെടുത്തു.

നേർച്ച പന്തലിന്റെ incharge ആയി N.R. Antony, Selvan, Elsy and Mary

Jose എന്നിവരെയും തെരഞ്ഞെടുത്തു.

തിരുനാളിന് അരങ്ങ് കെട്ടുവാൻ തീരുമാനിക്കുകയും അതിന് SMYM നെ ഏൽപ്പിക്കുകയും ചെയ്തു.

തിരുനാൾ കുർബാനക്കുശേഷം ഒരു മണിക്കൂർ SMYM ന്റെ സ്റ്റേജ് പ്രോഗ്രാം ഉണ്ടായിരിക്കുന്നതാണ്. അതിന് ശേഷം ചെറിയ തോതിൽ snacks നൽകുവാൻ തീരുമാനിച്ചു.

തിരുനാളിന്റെ നടത്തിപ്പിനായി എല്ലാ യൂണിറ്റുകളും 5000/- രൂപ നൽകുമെന്നും തീരുമാനമായി.

നമ്മുടെ ഇടവകയിൽ പിതാവിന്റെ സന്ദർശനം നടത്തുമെന്നും അതിന്റെ ദിവസങ്ങൾ ഫെബ്രുവരി 26,27, 28 ആയും തീരുമാനിച്ചു.

മാർച്ച് മാസം 5,6,7 തിയ്യതികളിൽ നോമ്പുകാല ധ്യാനം നടത്തുവാൻ തീരുമാനിച്ചു.

പള്ളിയുടെ മുമ്പിലുള്ള സ്ഥലം വാങ്ങുന്നതിന്റെ കാര്യത്തിൽ ചർച്ച നടന്നു. പൈസ കടമായും Donation ആയും Share ആയും പിരിക്കണമെന്നും അച്ചൻ വിശദീകരിച്ചു. മേടിക്കുന്ന തുക Ganapathi യിലെ സ്ഥലം വിറ്റ് കൊടുക്കാമെന്നും പറഞ്ഞു. സ്ഥലത്തിന്റെ വിശദാംശങ്ങളെകുറിച്ച് വിൻസെന്റ് വിശദീകരിച്ചു.

വികാരിയച്ചന്റെ അഭിപ്രായത്തിൽ എങ്ങനെയെങ്കിലും ആ സ്ഥലം മേടിക്കണമെന്നും വരുന്ന തലമുറക്ക് അത് ഒരു മുതൽക്കൂട്ട് ആകുമെന്നും അറിയിച്ചു. ആ അഭിപ്രായത്തോട് അംഗങ്ങൾ എല്ലാവരും യോജിക്കുകയും സ്ഥലം വാങ്ങുന്നതിന് തീരുമാനം ആകുകയും ചെയ്തു.

ഗണപതിയിൽ സ്ഥലം വാങ്ങുന്നതിനും പള്ളി പണിയുന്നതിനുമുള്ള കാര്യത്തിൽ ഒരു മാറ്റവുമില്ലെന്ന് യോഗത്തെ അറിയിച്ചു.

ഇക്കാര്യങ്ങൾ എല്ലാം അഭിവന്ദ്യ പിതാവിനെ അറിയിക്കാനും നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിക്കാനും യോഗം തീരുമാനിച്ചു.

അതിനുശേഷം കൈക്കാരൻ തോമസ് പ്രഭു സ്ഥലം വാങ്ങുന്നതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയുണ്ടായി. എല്ലാവരും അതിനു വേണ്ടി ശ്രമിക്കണമെന്നും പറഞ്ഞു.

യോഗം 11.30 ന് പ്രാർത്ഥനയോടെ പിരിഞ്ഞു.

அன்பு இறைமக்களே!

திருவிழாக்களின் காலம் முடிந்து தவக்காலத்திற்குள் நுழைய இருக்கும் உங்கள் ஒவ்வொருவரையும் இறைமகன் இயேசுவின் பெயரால் அருளும் ஆசியும்.

விழாக்கள் என்றாலே மனதின் ஆழத்தில் மகிழ்ச்சி தான். ஆனால் அதை எவ்வாறு எடுக்கிறோம் என்பதில் தான் இதை அனுபவிக்க முடியும்.


சீடர்கள் வாழ்வில் எவ்வளவு அற்புதங்கள். சிந்தனைக்கு எட்டா அற்புதங்கள். வார்த்தையின் வல்லமையை கண்டவர்கள் தங்கள் வாழ்வில் சோதனை வந்த பொழுது துவண்டு போன நிமிடங்கள் ஆனால் இயேசு மாற்கு *4 : 39-40* வார்த்தையின் படி அவர்களை திடப்படுத்தினார்.

அழைத்தவர் உண்மையுள்ளவராய் இருப்பதால் அவர் ஒவ்வொரு நிகழ்வு மூலம் அவர்கள் விஸ்வாசத்தை அதிகப்படுத்தி கொண்டே இருந்தார். இதுவே தான் நம் வாழ்விலும் நம் மனமாற்றத்தை எப்பொழுதும் விரும்பும் நம் ஆண்டவர் நம் வாழ்வில் சோதனைகள் வரும்போது யோவான் *16 -33* வார்த்தையை கொடையாகத் தந்து நம்மை திடப்படுத்துகிறார்.

எச்சூழ்நிலையிலும் அவரை விட்டுப்பிரியாமல் அவரோடு இணைந்து வாழ துன்பங்கள் சோதனைகள் அனைத்தும் அவர் பாதத்தில் முழுமையாக ஒப்புக்கொடுக்கும் பொழுது *1* கொரிந்தியர் *10 - 13*ன் வார்த்தையால் திடப்படுத்துகிறார். இதற்குரிய பரிசு அவர் அருளும் சமாதானம். மனதில் அமைதி ஏற்படும் பொழுது எதையும் சிந்தித்து இறை சித்தப்படி நடக்க நம்மால் முடியும். இவ்வாறு நாம் கடவுளின் பிள்ளையாக மாறும் பொழுது கொலேசியர் *3 -15* ன் ஆசிர்வாதத்தால் நம்மை நிரப்புவார். மேலும் கொலேசியர் *3 -16* ன் கடைசி வார்த்தையில் நிலைகொண்டு இவ்வுலகை நிலைகொள்வோம்.

இறை ஆசிர் உங்களோடு
இவண்

# പരിശുദ്ധ കന്യകാമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...
# വി. സെബസ്ത്യാനോസെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...



## പരിശുദ്ധ കന്യകാമാതാവിന്റെ തിരുനാൾ

കാർമ്മികൻ: പരിശുദ്ധാത്മാവേ, എഴുന്നള്ളിവരണമേ. അങ്ങേ ദാനങ്ങൾ നല്കി ഞങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കണമേ. സ്വർഗ്ഗ രാജ്യത്തെക്കുറിച്ചുള്ള പ്രത്യാശയിൽ ഞങ്ങളെ നയിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളെ ദൈവ സ്നേഹത്താൽ ജ്വലിപ്പിക്കണമേ. സഹോദര സ്നേഹത്തിൽ ഞങ്ങളെ വളർത്തണമേ. ദൈവകുമാരന്റെ മാതാവാകുവാൻ പരിശുദ്ധ കന്യകാ മറിയത്തെ സജ്ജമാക്കിയ അങ്ങ്, സമൂഹമദ്ധ്യത്തിൽ മിശിഹായെ അവതരിപ്പിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവതിരുമനസ്സു ഗ്രഹിച്ചുകൊണ്ട് "അങ്ങേ തിരുഹിതം നിറവേറട്ടെ" എന്നു പറയുവാനുള്ള സന്നദ്ധത ഞങ്ങൾക്കു നല്കുകയും ചെയ്യണമേ.

നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചു ധ്യാനിച്ചുകൊണ്ട് "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നു പ്രാർത്ഥിക്കാം.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി: പരിശുദ്ധ കന്യകാമറിയത്തിൽ നിന്നു മനുഷ്യശരീരം സ്വീകരിച്ചുകൊണ്ടു

## വി. സെബസ്ത്യാനോസിന്റെ തിരുനാൾ



കാർമ്മികൻ: പരിശുദ്ധാത്മാവേ, എഴുന്നള്ളിവരണമേ. അങ്ങേ ദാനങ്ങൾ നല്കി ഞങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കണമേ. സ്വർഗ്ഗ രാജ്യത്തെക്കുറിച്ചുള്ള പ്രത്യാശയിൽ ഞങ്ങളെ നയിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളെ ദൈവ സ്നേഹത്താൽ ജ്വലിപ്പിക്കണമേ. സഹോദര സ്നേഹത്തിൽ ഞങ്ങളെ വളർത്തണമേ. മിശിഹായെ എല്ലായിടത്തും ഏറ്റുപറയുന്നതിനും, സഭയുടെ പാവനമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായ അനുഗ്രഹ ദാനങ്ങൾ ഞങ്ങൾക്കു നല്കുകയും ചെയ്യണമേ.

നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടെ വി. സെബസ്ത്യാനോസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചു ധ്യാനിച്ചുകൊണ്ടു "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്ന് അപേക്ഷിക്കാം.

അവളെ സഹകാരിണിയാക്കു കയും ചെയ്ത മിശിഹായേ, ഞങ്ങളെയും അങ്ങയുടെ പരിത്രാണ വേലയിൽ പങ്കുകാരക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹ: കർത്താവേ...

കാർമ്മി: വിശ്വാസം, ശരണം, സ്നേഹം എന്ന ദൈവിക സുകൃതങ്ങളുടെ വിളനിലമായി പ്രശോഭിക്കുകയും, വിശുദ്ധിയുടെയും വിനയത്തിന്റെയും ഉത്തമമാതൃകയായി ജീവിക്കുകയും ചെയ്ത കന്യകാമാതാവിനെപ്പോലെ ക്രിസ്തീയ സുകൃതങ്ങൾ പാലിച്ചു കൊണ്ടു ജീവിക്കുവാനുള്ള അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ...

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി: ഡയോക്ലിഷ്യൻ ചക്രവർത്തിയുടെ സൈന്യാധിപനെന്ന സ്ഥാനം ഉപേക്ഷിച്ചു കൊണ്ടു ക്രിസ്ത്യാനികളുടെ സഹായത്തിനായി മുന്നോട്ടുവന്ന വി. സെബ്ത്യാനോസിനെ പോലെ തിരുസഭയ്ക്കുവേണ്ടി ത്യാഗപൂർവ്വം സേവനം ചെയ്യുന്നതിനുള്ള അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ...

കാർമ്മി: വിശ്വാസം ത്യജിക്കുന്നതിനെക്കാൾ മരണം വരിക്കുന്നതാണു നല്ലതെന്നു പറഞ്ഞുകൊണ്ട് അവർണ്ണനീയമായ പീഡനങ്ങൾ സഹിക്കുകയും രക്തസാക്ഷിമകുടം ചൂടുകയും ചെയ്ത വിശുദ്ധന്റെ മാതൃക പിഞ്ചെന്ന്, വിശ്വാസസംരക്ഷണത്തിനുവേണ്ടി ക്ലേശങ്ങളും ത്യാഗങ്ങളും സഹിക്കുന്നതിനും എല്ലായിടത്തും ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുന്നതിനുമുള്ള അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ....

കാർമ്മി: പകർച്ചവ്യാധികളിൽ നിന്ന് അത്ഭുതകരമായി നിത്യ നഗരത്തെ രക്ഷിച്ച വിശുദ്ധന്റെ പ്രാർത്ഥനയാൽ എല്ലാവിധ ശാരീരികരോഗങ്ങളിൽ നിന്നും ആത്മീയാപകടങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ...

നമുക്ക് പ്രാർത്ഥിക്കാം

"ഞാൻ ലോകാവസാനം വരെ നിങ്ങളോടുകൂടി ഉണ്ടായിരിക്കു" മെന്നും "നരകവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ല" ന്നും അരുളിച്ചെയ്തുകൊണ്ടു പരിശുദ്ധാത്മാവു വഴി സഭയെ നയിച്ചുകൊണ്ടിരിക്കുന്ന കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന ദയാ പൂർവ്വം കേൾക്കണമേ. അങ്ങേ ദാസനായ വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥ്യം വഴി ഞങ്ങൾക്കു വിശ്വാസദാർഢ്യവും പുണ്യത്തിൽ അഭിവൃദ്ധിയും പ്രദാനം ചെയ്യണമേ. ഞങ്ങളെയും ഞങ്ങളുടെ നാടിനെയും എല്ലാ വിധത്തിലുമുള്ള പകർച്ചവ്യാധികളിൽ നിന്നും പൈശാചികാക്രമണങ്ങളിൽ നിന്ന് രക്ഷിക്കണമേ. അങ്ങയുടെ കൃപയിൽ ശരണപ്പെട്ടു കൊണ്ട് ഞങ്ങളിപ്പോൾ യാചിക്കുന്ന... പ്രത്യേകാനുഗ്രഹം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമേ.

സമൂ: ആമ്മേൻ.





Praise
Thanks


















**സിൽവർ ജൂബിലി ആഘോഷിക്കുന്ന ബഹു. ജോസ് ചെനിയറ അച്ചനും ബഹു. സി. തെരേസ ജോണിനും, ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ബഹു. ഉഷറ്റ സിസ്റ്ററിനും ഇടവകയുടെ പ്രാർത്ഥനാശംസകൾ**





## 3rd Death Anniversary



# Mrs. Aliyamma Roy

**W/o Roy Chalissery**
**Chalissery House**
**Rathinapuri**
**St. Joseph Unit**

**Birth: 23.02.1967 Death: 08.02.2018**

*The Lord turn his face towards you and give you peace. Numbers.6:26*



*By Sorrowing Family*



## 2nd Year Death Anniversary



# C.J. Jose

**Chungath House**
**St. Peter's Unit**

**Date of birth: 02.11.1950**
**Date of death:12.01.2019**

*By sorrowing family*



*In Loving Memory of our Dear Papa*



## 40th Remembrance Day

30.01.2021

# RALPH GOMEZ

**Oliparambil House**

23A Kannusamy Street
Sanganur, Rathinapuri (Post)
Coimbatore - 641027

**Born: 16.02.1932** **Died: 22.12.2020**

*Sorrowing Family Members & Relatives*



## 3rd Death Anniversary



**16.03.2021**

"ഞാൻ നിങ്ങളിൽ നിന്നു
അകന്നുപോയെങ്കിലും
എന്റെ സ്നേഹം എന്നും
നിങ്ങളോടുകൂടി
ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം
ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി
പ്രാർത്ഥിക്കണമെ."

# Mrs. Cicily Gomez

**Oliparambil House**
**Sanganur, Coimbatore- 27**

**Born : 23.08.1942** **Died : 16.03.2018**

*By Loving Oli parambil Family*

## 1st Death Anniversary



"ഞാൻ നന്നായി
പൊരുതി;
എന്റെ ഓട്ടം പൂർത്തിയാക്കി
വിശ്വാസം കാത്തു.
എനിക്കായി നീതിയുടെ
കിരീടം ഒരുക്കിയിരിക്കുന്നു."
(2.തിമോ 4:7 –8)



# C.J. JAMES

**Chowalloor House**

**Born : 30.09.1970** **Death : 28.01.2020**

## *9th Death Anniversary*

**25.01.2021**



# LAZER M.K

**Born : 18.02.1945** **Died: 25.01.2012**

**"ഞാനാണ് പുനരുത്ഥാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും."**

**John 11:25**

" I have fought the good fight, I have finished the race, I have kept the faith."
( 2 Timothy 4:7)

*In Loving Memory of Our Dear Appachan*

## 2nd DEATH ANNIVERSARY
## 22.01.2021



# P.L. KURIAPPAN

## Peramangalath House

**BORN : 18.12.1938 DIED : 22.01.2019**

Sorrowing family members
Saly Kuriappan

P.K. Henson Julie Henson
P.K. Hinson Smitha Hinson

Antony Antrin, Ann Maria, Eza Maria
and other family members
9442629152, 98430 79152

# *21st Death Anniversary*



# T.A THOMAS

***Thatharathil Ponmani House***

**Born : 03.11.1936** **Died : 03.02.2000**



***Sorrowing Family***

***T.A.T & Sons***
***Gandhipuram***
***CBE-12***

# സംഘടനാവാർത്തകൾ

**പിതൃവേദി**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് 48 കുടുംബങ്ങൾക്ക് 1000 രൂപ വിലവരുന്ന കിറ്റുകൾ നല്കുകയും ക്രിസ്തുമസ്സ് വിഭവങ്ങൾ ഒരുക്കുകയും ക്രിസ്തുമസ്സ് സ്നേഹവിരുന്ന് നടത്തുകയും ചെയ്ത പിതൃവേദി അംഗങ്ങൾക്ക് നന്ദി. സ്പോൺസർ ചെയ്ത എല്ലാവർക്കും വിവിധ കമ്മിറ്റി അംഗങ്ങൾക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

ക്രിസ്തുമസ്സ് ദിനത്തിൽ കുർബാനക്കുശേഷം പിതൃവേദിയുടെ നേതൃത്വത്തിൽ സ്നേഹവിരുന്ന് നൽകുകയുണ്ടായി.

**മാതൃവേദി**

* **ജനറൽ ബോഡി മീറ്റിംഗ് :** ഫെബ്രുവരി മാസത്തെ ജനറൽബോഡി മീറ്റിംഗ് 14-ാം തിയ്യതി 8.15 നുള്ള വി. കുർബാനയ്ക്കുശേഷം ഉണ്ടായിരിക്കുന്നതാണ്. എല്ലാ അമ്മമാരും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

* **സമ്മാനദാനം:** ഡിസംബർ 8-ാം തിയ്യതി മാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ ദിവ്യബലിയ്ക്കുശേഷം ഇടവക ഫൊറോന, രൂപതാതലത്തിൽ വിജയികളായ അംഗങ്ങൾക്ക് ബഹു. വികാരിയച്ചനും, കൊച്ചച്ചനും, ആനിമേറ്റർ സിസ്റ്ററും സമ്മാനങ്ങൾ നൽകി ആദരിക്കുകയുണ്ടായി.

* **ക്രിസ്തുമസ്സ് ആഘോഷം:** ഡിസംബർ മാസത്തെ ജനറൽ ബോഡി മീറ്റിംഗിൽ വച്ച് ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി കേക്ക് മുറിക്കുകയും അംഗങ്ങൾ കരോൾഗാനം ആലപിക്കുകയും ചെയ്തു. കോവിഡ് പശ്ചാത്തലത്തിൽ മാസ്ക് സ്റ്റിച്ചുചെയ്തു സഹായിച്ച എല്ലാ അമ്മമാർക്കും സമ്മാനം നൽകി.

* **സങ്കീർത്തനം 23 ഓൺലൈൻ മത്സരം:** സീറോ മലബാർ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഇടവക തലത്തിൽ നടന്ന മത്സരത്തിൽ ഫൊറോന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ ശ്രീമതി. ബേബി ഡേവിസ് പുലിക്കൂടൻ, ശ്രീമതി. നിർമ്മല ജോസഫ് കടവി. വിജയികളായവർക്കും മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും രേഖപ്പെടുത്തുന്നു.

* **മദ്ധ്യസ്ഥ പ്രാർത്ഥന:** വ്യാഴാഴ്ചകളിൽ നടന്നുകൊണ്ടിരുന്ന മദ്ധ്യസ്ഥപ്രാർത്ഥന കോവിഡ് പശ്ചാതലത്തിൽ ദൈവാലയത്തിൽ നടത്താൻ സാധിക്കാതിരിക്കുകയാണല്ലോ. ജനുവരി 23-ാം തിയ്യതി മുതൽ

ഫെബ്രുവരി 13-ാം തിയ്യതിവരെ മദ്ധ്യസ്ഥ പ്രാർത്ഥന ശനിയാഴ്ചകളിൽ വൈകിട്ട് 4.45 മുതൽ 5.45 വരെ ദൈവാലയത്തിൽ വച്ചു നടത്തപ്പെടുന്നു. സാധിക്കുന്ന എല്ലാ അമ്മമാരും പ്രാർത്ഥനയിൽ പങ്കെടുക്കണമെന്നു ഓർമ്മപ്പെടുത്തുന്നു.

* **തിരുനാൾ നേർച്ച:** ഫെബ്രുവരി മാസത്തെ ഇടവകതിരുനാളിന്റെ നേർച്ച (ഉണ്ണിയപ്പം) ഈ വർഷം അമ്മമാരാണ് നൽകുന്നത്. സാധിക്കുന്ന എല്ലാ അമ്മമാരും നേർച്ച കൊണ്ടുവരാൻ പരിശ്രമിക്കുമല്ലോ.

**യുവജനവേദി (SMYM)**

ക്രിസ്തുമസ്സ് കാലഘട്ടത്തിൽ കരോൾ, ക്രിസ്തുമസ്സ് കേക്ക് സ്റ്റാർ, ക്രിസ്തുമസ്സ് ടാബ്ലോ, ന്യൂ ഇയർ കേക്ക് സ്പോൺസർ എന്നിവ ഭംഗിയായി ചെയ്യുകയും പുതിയ ഇടവക ഡയറക്ടറിയുടെ പ്രവർത്തനങ്ങൾ തുടരുകയും ചെയ്യുന്ന എല്ലാ യുവജനങ്ങൾക്കും ഭാരവാഹികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

**കർഷകരോടൊപ്പം**

ഇടവക SMYM സെക്രട്ടറി ശ്രീ ജിയോ വർഗ്ഗീസ് ഡൽഹിയിൽ നടക്കുന്ന കർഷക സമരത്തിൽ പങ്കെടുക്കുന്നവരെ സന്ദർശിക്കുകയും അവരുടെ സമരത്തിന്റെ വിജയത്തിന് SMYM സംഘടനയുടെ പിന്തുണ അറിയിക്കുകയും ചെയ്തു. അഭിനന്ദനങ്ങൾ.

**ലൂർദ്ദ് വോയ്സിൽ പ്രസിദ്ധീകരിക്കേണ്ട ന്യൂസുകളും ആർട്ടിക്കിളുകളും ഓരോ മാസവും പതിനഞ്ചാം തീയ്യതിക്ക് മുൻപായി കൊച്ചച്ചനെ ഏൽപ്പിക്കേണ്ടതാണ്. പരസ്യങ്ങൾ ഫോട്ടോയും പൈസയും സഹിതം നല്കേണ്ടതാണ്. കളർ ഫുൾ പേജ് - 2400, ഹാഫ് പേജ് - 1200, B/w ഫുൾ പേജ് - 1500. പരസ്യങ്ങൾ കൊടുക്കുന്നവർ കൂടെ ഒരു Whatsapp നമ്പറും കൊടുക്കേണ്ടതാണ്.**



# മതബോധനവാർത്തകൾ

**ആദ്യകുർബാന സ്വീകരണം ഒന്നാംഘട്ടം**

ഈ വർഷത്തെ ആദ്യകുർബാനസ്വീകരണം മൂന്നു ഘട്ടങ്ങളായി നടത്തപ്പെടുന്നു. ഒന്നാം ഘട്ടം ജനുവരി 10-ാം തിയ്യതി. രണ്ടാം ഘട്ടം ഫെബ്രുവരി 14-ാം തിയ്യതി മൂന്നാംഘട്ടം മെയ് മാസത്തിലും നടത്തപ്പെടുന്നു. വി. കുർബാന സ്വീകരിക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി പ്രാർത്ഥിക്കാം.

**മതബോധന പരീക്ഷകൾ**

2020-21 അധ്യയനവർഷത്തെ സെക്കന്റ് സെമസ്റ്റർ പരീക്ഷ 10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ജനുവരി 31-ാം തിയ്യതിയും 1-ാം ക്ലാസ്സ് മുതൽ 9-ാംക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഫെബ്രുവരി 28-ാം തിയ്യതിയുമാണ് നടത്തപ്പെടുന്നത്. ഈ വർഷത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് വിശ്വാസ പരിശീലനം ഓൺലൈൻ ആയി വളരെ തീക്ഷ്ണതാപൂർവ്വം നടത്തിയ മതാധ്യാപകർക്കും അതിനോട് സഹകരിച്ച മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രത്യേകം നന്ദി പറയുന്നു. ദൈവം എല്ലാ കുഞ്ഞുമക്കളെയും അനുഗ്രഹിക്കട്ടെ.

A December to Remember

ഈ വർഷത്തെ ക്രിസ്തുമസ് കാലഘട്ടം വിശ്വാസ പരിശീലനവിഭാഗത്തിന്റെ നേതൃത്വത്തിൽ ഇടവകയെയും ലോകമാകെയുള്ള ഇടവകാംഗങ്ങളെയും **A December to Remember** എന്ന Online Christmas Program ലൂടെ ക്രിസ്തുമസ്സിനായി ഒരുക്കുകയും ക്രിസ്തുമസ്സ് ട്രീ കൂപ്പണുകൾ സമ്മാനങ്ങൾ എന്നിവ വിതരണം ചെയ്യുകയുമുണ്ടായി. കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ച Fr. Alfin Manavalan VC, Mr. John Paul, Mrs. Ajimol Antony, Mrs. Deepa Biju, Mrs. Reema John, Miss Riya Ruth Saji എന്നിവർക്കും അവരോട് സഹകരിച്ച കുട്ടികൾ, മാതാപിതാക്കൾ, ഗായകസംഘം, യുവജനങ്ങൾ, ബഹു സിസ്റ്റേഴ്സ്, ഷൂട്ടിംഗ് & എഡിറ്റിംഗ് ചെയ്ത Jenoy James, വിവിധ സ്ഥലങ്ങൾ വിട്ടു നൽകിയവർ, സ്പോൺസർമാർ എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**സ്കൊളാസ്റ്റിക് പരീക്ഷ**

മതാധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് പരീക്ഷ മാർച്ച് 14-ാം തിയ്യതി നടത്തപ്പെടുന്നു. എല്ലാ മതാധ്യാപകരും പഠിച്ച് ഒരുങ്ങണമെന്ന് ഓർമ്മപ്പെടുത്തുന്നു.

# ലോഗോസ് ക്വിസ്

**നിയമാവർത്തനം**

1. ഒരുകാലത്തും അവർക്കു ശാന്തിയോ നന്മയോ നിങ്ങൾ കാംഷിക്കരുത്. ആർക്ക്? (നിയ 23:6)

ഉ മൊവാബ്യർ

2. ആരുടെ പാദങ്ങളിൽ നിന്നാണ് ചെരുപ്പഴിച്ചു മാറ്റുകയും അവന്റെ മുഖത്ത് തുപ്പുകയും ചെയ്യുന്നത്? (നിയ 25:9)

ഉ ഭർതൃസഹോദര ധർമ്മം നിർവഹിക്കാൻ വിസമ്മതിക്കുന്നവന്റെ

3. ഇരുമ്പായുധം സ്പർശിക്കരുത് എന്ന് പറയുന്നത് എന്തിനെപറ്റി (നിയ 27:5)

ഉ ബലിപീഠം

4. നിശ്ശേഷം നശിക്കുന്നതുവരെ നിന്നെ വേട്ടയാടുന്നത് എന്തെല്ലാം? നിയ 28:22)

ഉ ക്ഷയം, പനി, വാൾ, വരൾച്ച

5. നിന്റെ ദൈവമായ കർത്താവ് എന്ന് ആവർത്തിക്കാത്ത വാക്യം?

ഉ നിയമ 28:44

6. നിയ 30 അദ്ധ്യായപ്രകാരം കർത്താവ് സന്തോഷിക്കുന്നതെപ്പോൾ?

ഉ നിന്റെ ഐശ്വര്യത്തിൽ

1. "ജീവനും മരണവും മനുഷ്യന്റെ മുമ്പിലുണ്ട്. ഇഷ്ടമുള്ളത് അവനു ലഭിക്കും". (പ്രഭ 15:16) സമാനമായ നിയമാവർത്തന പുസ്തക ഭാഗം?

ഉ നിയ 30:15

2. കർത്താവിന്റെ പ്രവൃത്തികളെയും, വഴികളെയും പറ്റി പറയുന്ന വാക്യം?

ഉ നിയമ 32:4

3. ആരുടെ വാക്കാണ് അവസരോചിതമല്ലാത്തത്? (പ്രഭ 20:20)

ഉ ഭോഷൻ

4. പ്രഭാ 21.10 ലും സുഭാ 7:27 ലും പൊതുവായി കാണുന്ന വാക്ക്?

ഉ പാതാളം

5. ആർക്കുവേണ്ടിയുള്ള വിലാപമാണ് ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നത്?

ഉ ദൈവഭയമില്ലാത്തവർ

6. ഭോഷൻ എന്ന് ആവർത്തിക്കാത്ത വാക്യം

ഉ പ്രഭാ 21:17

1. മാർക്കോ 3:19 രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ശിഷ്യൻ?
ഉ യൂദാസ്
2. മർക്കോ 3–ാം അദ്ധ്യായത്തിൽ, മറ്റൊരു സുവിശേഷത്തിലും രേഖപ്പെടുത്താത്ത സംഭവം
ഉ കടൽ തീരത്തെ അത്ഭുതങ്ങൾ
3. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ എന്ന് ആവർത്തിച്ചിരിക്കുന്ന വാക്യങ്ങൾ?
ഉ മർക്കോ 4:9 മർക്കോ 4:23
4. നിയമ 23:25 ലും മർ 2:23 ലും പൊതുവായി കാണുന്ന വാക്ക്?
ഉ കതിരുകൾ
5. മനുഷ്യന്റെ ഉള്ളിൽ നിന്നും വരുന്ന എത്ര തിന്മകളെ പറ്റി മർക്കോസ് 7:21:22 പരാമർശിക്കുന്നുണ്ട്?
ഉ പതിമൂന്ന്
6. മർക്കോ 6:12 അനുസരിച്ച് അനുതപിക്കണമെന്ന് പ്രസംഗിച്ചതാര്?
ഉ ശിഷ്യന്മാർ
7 തുറക്കപ്പെടട്ടെ എന്നും അർത്ഥമുള്ള വാക്ക?
ഉ എഫ്ഫാത്ത

1. ഈ ലോകത്തിന്റെ ............... ദൈവത്തിന്റെ ഭോഷത്തമാണ്?
ഉ വിജ്ഞാനം
2. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ് എന്ന് ആവർത്തിക്കുന്ന വാക്യം?
ഉ 1 കൊറി 6:20, 1 കൊറി 7:23
3. ആർക്കാണ് വിശ്വസ്തത കൂടിയേ തീരു എന്നു പറയുന്നത്?
ഉ കാര്യസ്ഥന്മാർക്ക്
4. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം 1 കൊറിന്തോസിൽ ഏത് അദ്ധ്യായത്തിലാണ് പ്രതിപാദിച്ചിരിക്കുന്നത്?
ഉ 2
5. 1 കൊറി 3:21 പ്രകാരം ആരുടെ പേരിലാണ് നിങ്ങൾ അഭിമാനിക്കാൻ പാടില്ലാത്തത്
ഉ മനുഷ്യതിൽ

## ഓർമ്മിക്കേണ്ട ദിവസങ്ങൾ

**ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**ഫെബ്രുവരി 2021**

02. നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം (പരി. കന്യ കാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ)

04. വി. ജോൺ ബ്രിട്ടോ

05. ആദ്യവെള്ളി

11. ലൂർദ്ദ് മാതാവ് (രോഗിദിനം)

14. അമ്പതു നോമ്പ് ആരംഭം (അർദ്ധരാത്രിമുതൽ)

15. വിഭൂതി തിങ്കൾ (ഉപവാസദിനം, കടമുള്ള ദിവസം)

23. വി. പോളികാർപ്പ്

25. വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ

**മാർച്ച് 2021**

5. ആദ്യവെള്ളി

18. ജെറുസലെമിലെ വി. സിറിൽ

19. വി.യൗസേപ്പിതാവിന്റെ മരണതിരുനാൾ

25. മംഗളവാർത്ത തിരുനാൾ

28. ഓശാനനായർ

# സഭാ വാർത്തകൾ

1. ഇന്ത്യയിലെ കത്തോലിക്കാ സഭാ മേലധ്യക്ഷന്മാരായ മൂന്നു കർദിനാൾമാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. സിബിസിഐ പ്രസിഡൻറും ലത്തീൻ സഭയുടെ തലവനുമായ കർദിനാൾ ഡോ. ഓ സ്വാൾഡ് ഗ്രേഷ്യസ്, കെസിബിസി പ്രസിഡൻറും സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മലങ്കര കത്തോലിക്ക സഭ അധ്യക്ഷനും മേജർ ആർച്ച് ബിഷപുമായ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ എന്നിവരാണു പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്.

2. 'ഉർസുലിൻസ് ഓഫ് മേരി ഇമ്മാക്കുലേറ്റ്' സന്യാസിനിയും ഇറ്റാലിയൻ സ്വദേശിനിയുമായ മദർ ജിയോവന്നാ സവേരിയ അൽബെറോണി അന്തരിച്ചു. ഇരുപത്തിരണ്ടു ബെഡ് മാത്രമുണ്ടായിരുന്ന മുംബൈയിലെ ബാന്ദ്രയിലെ ഹോളി ഫാമിലി ആശുപത്രിയെ ഇന്ന് കാണുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയും, മെഡിക്കൽ റിസർച്ച് കേന്ദ്രവുമാക്കി മാറ്റിയത് മദർ അൽബെറോണിയാണ്.

3. ആഫ്രിക്കയിലെ ഐവറികോസ്റ്റ് സ്വദേശിയായ കത്തോലിക്ക വൈദികൻ ഫാ. എറിക്ക് നോർബട്ടിന് യുനെസ്കോയുടെ സമാധാനത്തിനുവേണ്ടിയുള്ള അംബാസഡർ പദവി ലഭിച്ചു.

4. കത്തോലിക്കാ സഭയ്ക്കു നൽകിയ മികച്ച സേവനങ്ങളെ മാനിച്ച് അത്മായർക്കു നൽകുന്ന മാർപാപ്പയുടെ ഏറ്റവും ഉന്നത പുരസ്കാരം 'ക്രോസ് ഓഫ് ഹോണർ' പ്രൊ എക്ലേസ്യ ഏറ്റ് പൊന്തിഫിസ് ക്രോസ്', 'മിസ് ഗ്രാന്നി' എന്ന കോമഡി ഡ്രാമയിലൂടെ പ്രേക്ഷകമനസ്സ് കവർന്ന ഫിലിപ്പീനോ നടി നോവാ വില്ലായ്ക്കു

സമ്മാനിച്ചു.

5. ഈശോ സഭാംഗവും മലയാളി വൈദികനുമായ ഫാ. ഹെൻട്രി പട്ടരുമടത്തിനെ റോമിലെ പൊന്തിഫിക്കൽ ബൈബിൾ കമ്മീഷൻ അംഗമായി ഫ്രാൻസിസ് പാപ്പ നിയമിച്ചു.

6. ജപ്പാനും വത്തിക്കാനും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തമാക്കാൻ നയതന്ത്രതലത്തിൽ നടത്തിയ സജീവ ഇടപെടലുകളെ മാനിച്ച്, ഓർഡർ ഓഫ് ദ റൈസിംഗ് സൺ ദേശീയ പുരസ്കാരം മരണാനന്തര

ബഹുമതിയായി ആർച്ച് ബിഷപ്പ് ഡോ. ജോസഫ് ചേന്നോത്തിന് സമ്മാനിക്കാൻ ജപ്പാൻ തീരുമാനിച്ചു. ജപ്പാനിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ ദേശീയ പുരസ്കാരമാണിത്.

7.റോമൻ കൂരിയയുടെ ഡിസിപ്ലിനറി കമ്മീഷൻ തലവനായി ചരിത്രത്തിലാദ്യമായി അൽമായനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിലെ റെക്ടറായി പ്രവർത്തിക്കുന്ന വിൻസെൻസോ ബൂനമോയെയാണ് സുപ്രധാന ചുമതലയിൽ മാർപാപ്പ നിയമിച്ചത്

8. ആഫ്രിക്കൻ രാജ്യമായ ബുർക്കിനോഫാസോയിലെ വത്തിക്കാൻ നയതന്ത്ര പ്രതിനിധിയായി ആലപ്പുഴ രൂപതാംഗമായ ഫാ. ജോൺ ബോയ വെളിയിലിനെ മാർപാപ്പ നിയമിച്ചു.

9. അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡന്റെ സത്യപ്രതിജ്ഞ ചടങ്ങിൽ ജെസ്യൂട്ട് വൈദികൻ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. ബൈഡൻ കുടുംബത്തിന്റെ സുഹൃത്തും, ജോർജ്ജ്ടൌൺ യൂണിവേഴ്സിറ്റിയിലെ ജെസ്യൂട്ട് വൈദികനുമായ ഫാ. ലിയോ ഒ'ഡൊണോവാനാണ് ജനുവരി 20 ന് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിലെ പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത്

10. വിശുദ്ധ കുർബാനയ്ക്ക് ഇടയിൽ സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യവുമായി ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ സ്വയാധികാര പ്രബോധനം മോത്തൂപ്രോപ്രിയ പുറത്തിറങ്ങി. ദേവാലയ മദ്ബഹായിൽ ശുശ്രൂഷിക്കാനും തിരുക്കർമങ്ങൾക്കിടെ വിശുദ്ധഗ്രന്ഥ വായനകൾ നടത്താനും സ്ത്രീകൾക്ക് അനുവാദം നൽകിക്കൊണ്ട് സ്പിരിതുസ് ഡോമിനി എന്ന ഉത്തരവ് വഴിയാണ് കാനൻ നിയമത്തിൽ പാപ്പ ഭേദഗതി വരുത്തിയത്.

11. ഫ്രാൻസിസ് മാർപാപ്പയും എമിരിറ്റസ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയും കൊറോണയ്ക്കെതിരെയുള്ള വാക്സിൻ സ്വീകരിച്ചു. വത്തിക്കാനിലെ പോൾ ആറാമൻ ഹാളിൽ പ്രത്യേകം സജ്ജീകരിച്ചിരുന്ന റൂമിൽവച്ചാണ് ഇരുവരും വാക്സിനേഷൻ സ്വീകരിച്ചത്.

12. മാർപാപ്പയുടെ ഡോക്ടർ ഡോ. ഫബ്രീസിയോ സൊക്കോർസി അന്തരിച്ചു. കോവിഡ് ബാധിച്ചതിനെ തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങളെ തുടർന്നായിരുന്നു അന്ത്യം. 2015 മുതൽ ഫ്രാൻസിസ് മാർപാപ്പയുടെ

ഡോക്ടറായിരുന്നു ഇദ്ദേഹം.

13. കോവിഡ് പ്രോട്ടോകോൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സിറോ മലബാർ സഭയിലെ മെത്രാന്മാരുടെ 29-ാം സിനഡിന്റെ ഒന്നാം സെഷൻ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ നടന്നു. ജനുവരി 11 മുതൽ 16 വരെ നടന്ന സിനഡിൽ രൂപതകളുടെ ചുമതലയുള്ളവരും വിരമിച്ചവരുമായ 59 മെത്രാന്മാർ പങ്കെടുത്തു.

14.രണ്ടര പതിറ്റാണ്ട് വ്യക്തിസഭ കേന്ദ്രീകരിച്ചുള്ള ശുശ്രൂഷകൾ അവസാനിപ്പിച്ച് പാസ്റ്റർ ടൈറ്റസ് കാപ്പനും കുടുംബവും വീണ്ടും കത്തോലിക്ക വിശ്വാസത്തെ പുൽകി. 'വീണ്ടും ജനന സഭ', 'ലൈഫ് ചേഞ്ചേഴ്സ് മിനിസ്ട്രി' എന്ന പേരുകളിൽ ചെറുതും വലുതുമായ സമൂഹങ്ങൾ സ്ഥാപിച്ചു അനേകം അനുയായികളെ നേടിയ പാസ്റ്റർ ടൈറ്റസാണ് കുടുംബമായി കത്തോലിക്ക വിശ്വാസത്തെ വീണ്ടും ആശ്ലേഷിച്ചത്.

15. പാറ്റ്ന അതിരൂപതയുടെ ആർച്ച് ബിഷപ്പായി ഡോ. സെബാസ്റ്റ്യൻ കല്ലുപുര സ്ഥാനമേറ്റു. പാറ്റ്നയിലെ ബാങ്കിപൂരിലുള്ള സെന്റ് ജോസഫ്സ് പ്രോ കത്തീഡ്രലിലായിരുന്നു സ്ഥാനാരോഹണ ചടങ്ങുകൾ. പാറ്റ്ന രൂപതയുടെ ആർച്ച് ബിഷപ്പായിരുന്ന വില്യം ഡിസൂസ വിരമിച്ച ഒഴിവിലേക്കാണ് ബക്സർ രൂപതാധ്യക്ഷനും പാറ്റ്ന അതിരൂപതയുടെ സഹായ മെത്രാനുമായിരുന്ന ഡോ. സെബാസ്റ്റ്യൻ കല്ലുപുരയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചത്.

16. സാഹിതി ഇന്റർനാഷണൽ ഏർപ്പെടുത്തിയ മികച്ച പുസ്തകത്തിനുള്ള വൈജ്ഞാനിക സാഹിത്യ പുരസ്കാരം ദീപിക ബാലസഖ്യം ഡയറക്ടർ ഫാ.റോയി കണ്ണൻചിറ സിഎംഐ ഏറ്റുവാങ്ങി. ഫാ. റോയി കണ്ണൻചിറ രചിച്ച പ്രപഞ്ചമാനസം എന്ന പുസ്തകമാണ് അവാർഡിന് അർഹമായത്.

17. കെസിബിസി മീഡിയ കമ്മീഷൻ ആദ്യമായി ഏർപ്പെടുത്തിയ 2021ലെ സോഷ്യൽ മീഡിയ ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. ജിൻസണും മേരി ജോസഫ് മാമ്പിള്ളിയും ചേർന്ന് അവതരിപ്പിക്കുന്ന 'അമ്മാമ്മയും കൊച്ചുമോനും', ഫാ. ഫിജോ ആലപ്പാടൻ, ഫാ. ഗ്രിജോ മുരിങ്ങാത്തേരി, ഫാ. പ്രതീഷ് കല്ലറക്കൽ എന്നിവർ ചേർന്ന് അവതരിപ്പിക്കുന്ന 'കടുക് ', ഷിജി ജോൺസന്റെ 'തോട്ട് ഫോർ ദി ഡേ', ഫാ. വിൻസെന്റ്

വാരിയത്തിന്റെ 'അനുദിന ആത്മീയചിന്തകൾ ' എന്നീ പരിപാടികൾക്കാണു പുരസ്കാരം.

18. ദീർഘദർശിയും, സാമൂഹ്യ നവോത്ഥാന നായകനുമായ വിശുദ്ധ ചാവറ പിതാവിനാൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ സന്യാസ സഭയായ 'കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്' (സി.എം.ഐ) സഭയുടെ കീഴിൽ പൗരോഹിത്യ പരിശീലനം നടത്തിയിരുന്ന 56 പേർ തിരുപ്പട്ട സ്വീകരണം നടത്തി അജപാലന സേവനത്തിലേക്ക് പ്രവേശിച്ചു.

19. പൂന ആസ്ഥാനമായി അശരണർക്കായി പ്രവർത്തിക്കുന്ന മാഹേർ ഫൗണ്ടേഷന്റെ സ്ഥാപക, സിസ്റ്റർ ലൂസി കുര്യന് ഓസ്ട്രിയൻ ബഹുമതി ലഭിച്ചു. ഓസ്ട്രിയ ആസ്ഥാനമായ 'ഊം' മാസികയുടെ ലോകത്തെ ഏറ്റവും സ്വാധീനമുള്ള 100 പേരുടെ പട്ടികയിൽ സിസ്റ്റർ ലൂസി കുര്യനും ഇടംപിടിച്ചു. 2016-ൽ ഇന്ത്യയിൽ വനിതകൾക്ക് നൽകുന്ന പരമോന്നത ബഹുമതിയായ 'നാരി ശക്തി പുരസ്കാരം' സിസ്റ്റർ ലൂസി കുര്യനായിരിന്നു.

20. ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലെ മികച്ച ലേഖനത്തിനുള്ള ബിഷപ്പ് മാക്കീൽ ഫൗണ്ടേഷൻ അവാർഡിന് പ്രമുഖ എഴുത്തുകാരനും ചാമക്കാല സെന്റ് ജോൺസ് പള്ളി വികാരിയുമായ ഫാ. ജോസ് കടവിൽച്ചിറ അർഹനായി.

21. ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിന് 22 വർഷമായി വൊസാർഡ് എന്ന സംഘടനയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾക്ക് റവ.ഡോ. ജോസ് ആന്റണി പടിഞ്ഞാറേപ്പറമ്പിൽ സിഎംഐ, കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ അവാർഡിന് അർഹനായി

22. ആഗ്ര ആർച്ച് ബിഷപ്പായി ഡോ. റാഫി മഞ്ഞളി സ്ഥാനമേറ്റു. ആഗ്ര സെന്റ് പീറ്റേഴ്സ് കോളജ് ഹാളിൽ നടന്ന ചടങ്ങിൽ ആർച്ച്ബിഷപ് എമരിറ്റസ് ഡോ. ആൽബർട്ട് ഡിസൂസയാണു സ്ഥാനാരോഹണ ചടങ്ങുകൾക്ക് നേതൃത്വം നൽകിയത്


# Catechism News

- Second semester examination for classes 10th,11th and 12th was held on 31st January 2021.
- Second semester examination for classes 1st to 9th will be held on February 28th 2021. Further details will be informed by the concerned class teachers.
- First holy communion for our students was conducted in our parish. The first batch of students received their holy communion on January 10th 2021, the second batch of students will receive the holy communion on February 14th 2021.Its decided to conduct the third batch after the lent in the month of May. Congratulations and prayerful wishes to all the students who received Jesus, may the love of the Jesus fill your life as you live under the shadow of His guiding light.
- Scholastic exam for teachers will be held on March 14th 2021.All teachers are requested to compulsorily attend the examination.
- Catechism department celebrated the silver jubilee of our Head mistress Sr Therese John on January 26th 2021.It was indeed a delightful day when sister together with Vicar, Asst. Vicar, teachers and student representatives gave praise and glory to God for the 25 years of journey in Lord's vineyard. We wish you many years, with the lord's grace ever sufficient in your life to guide you and lead you in all you do. Congratulations on your silver jubilee.
- Heart felt thanks and prayers to all the teachers, parents and students for their cooperation in making the online program “A December to remember” a grand success. Special thanks to our Vicar, Asst.Vicar and Head mistress for all their support and guidance throughout the program. A word of thanks to the following committee members Fr Alfin Manavalan, Mr Johnpaul, Mrs Ajimol Antony, Mrs Deepa Biju, Mrs Reema Johnpaul and Ms Riya Ruth Saji for their coordination throughout the program.






## Unscramble the letters to find the words in "About the bible" anagram



hrttu ____________________

bbeil ____________________

eiorsst ____________________

eimoprss ____________________

aceghint ____________________

aeemnssttt ____________________

eerssv ____________________

bkoos ____________________

ahorstu ____________________

acehprst ____________________

(Only catechism students are eligible to participate in the contest. Fill the answers and submit it before 15th of the month, in the box kept in the church. Ten correct entries will be selected by lot and published in the next issue.)

Name: ____________________ Class: __________



# Marian Knowledge

1. Who began the practice of the Angelus?

   St. Bonaventure

2. By whom were the words, “O clement, o loving, o sweet virgin Mary” added to the

   Hail Holy Queen'?

   St. Bernard

3. How is the Litany of Our Lady known?

   The Litany of Loretto

4. By whom was the invocation “Queen of the Holy Rosary” introduced?

   Pope Leo XIII

5. Who is the author of the hymn, “Mary the Star of the Ocean”?

   St. Thomas More

6. What did Pope John send to the Indian expedition to Mount Everest?

   A medal of Our Lady of Sorrows

7. To whom did Our Lady give the miraculous medal?

   To St. Catherine of Laboure

8. To whom was the brown scapular given?

   Simon Stock

9. What is the name for the popular badge of the Immaculate Heart of Mary called?

   The Green Scapular

10. Whom did Our Lady ask to spread devotion to the Green Scapular?

    St. Justin



# FEBRUARY 2021

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | **1**<br>Gal 3:21-25<br>Jn 5:41-47 | **2**<br>Rom 9:30-10:4<br>Lk 2:22-38 | **3**<br>Col 2:6-10<br>Mt 12 :15b-21 | **4**<br>1 Cor 9:19-23<br>Jn 15:18-25 | **5**<br>2 Tim 2:8-13<br>Mt 16:24-28 | **6**<br>1Cor 3:10-17<br>Lk 11:14-23 |
| **7**<br>Deut 24:14-22<br>Is 63:7-16<br>Heb 8:1-6<br>Jn 3:22-31 | **8**<br>1 Jn 5:6-12<br>Mk 3:13-19 | **9**<br>1 Jn 1:5-10<br>Jn 9:35-39 | **10**<br>Rom 14:1-6<br>Jn 8:31-38 | **11**<br>Rev 12:1-6<br>Jn 2:1-11 | **12**<br>1 Cor 15:39-49<br>Mt 25:31-40 | **13**<br>1 Cor 15: 50 – 57<br>Mt 23:1- 12 |
| **14**<br>Ex 34:27-35<br>Is 58:1-10<br>Eph 4:17-24<br>Mt 4:1-11 | **15**<br>Gen 1:1-19<br>Josh 1:1-15<br>Rom 1:16-25<br>Mt 5:17-26 | **16**<br>Rom 2:1-6<br>Mt 5: 38-42 | **17**<br>Rom 2:12-24<br>Mt 6: 5-8 | **18**<br>Rom 3:9-20<br>Mt 6:25-34 | **19**<br>Rom 4:13-25<br>Mt 7:1-6 | **20**<br>Rom 3:21-26<br>Mt 6:9-15 |
| **21**<br>Gen 5:19-31<br>Josh 4:15-24<br>Rom 6:15-23<br>Mt 7:21-27 | **22**<br>Tit 3:1-7<br>Mk 7:14-23 | **23**<br>2 Cor 6:3-10<br>Lk 11:43-52 | **24**<br>Rom 6:15-23<br>Mt 9:1-8 | **25**<br>2Cor 4:7-15<br>Mt10:16-25 | **26**<br>Rom 7:7-12<br>Mk 11:27-33 | **27**<br>1 Cor 5: 9-13<br>Mt 11:16-19 |
| **28**<br>Gen 7:6-24<br>Josh 5:13-6:5<br>Rom 7:14-25<br>Mt 20:17-28 | | | | | | |

**K.J GEORGE**
Cell: 9865259919

*Nirmala* **MATHA**
**CHITS (TAMIL NADU) PVT.LTD**
0422 6506785
0422 2536785

**A.G. VARGHESE**

Phone : 0422-5514235
Mobile : 98422 18161

# ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Central Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.


# Divine
## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

☎ 0422-2523645
94439 13645
94893 63377



**DIGITAL X-RAY, LAB & ECG**

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

## MASTER HEALTH CHECKUP 50% OFF

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

# JOSE AUTOMOBILES

**MULTIBRAND FOUR WHEELER SERVICE**

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12